വീടുകളിൽ ജോലിക്ക് നിന്ന് സ്വർണ്ണാഭരണങ്ങൾ മോഷണം നടത്തിയ സ്ത്രീ പിടിയിൽ. ആരക്കുഴ പെരുമ്പല്ലൂർ മാനിക്കൽ വീട്ടിൽ ആശ (41) യാണ് പുത്തൻകുരിശ് പോലീസിന്റെ പിടിയിലായത്. കഴിഞ്ഞ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കോലഞ്ചേരി സ്വദേശികളായ ചാൾസ്, ബെന്നി എന്നിവരുടെ വീടുകളിൽ നിന്നാണ് സ്വർണ്ണം മോഷ്ടിച്ചത്. ബെന്നിയുടെ വീട്ടിൽ നിന് ഒമ്പതു പവനും, ചാൾസിന്റെ വീട്ടിൽ നിന്നും പതിമൂന്ന് പവനുമാണ് കവർന്നത്.